1) **<u>24.04.2017 തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 480-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, എം.എൽ.എ., തൃപ്പൂണിത്തുറ
3) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി
4) ശ്രീമതി.ഷിജി.ഇ.ചന്ദ്രൻ, സീനിയർ ടൗൺ പ്ലാനർ, എറണാകുളം
5) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 1/2017-18</u>**

*23.03.2017 ബുധനാഴ്ച കൂടിയ 479-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

*23.03.2017*-ൽ കൂടിയ 479-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 2/2017-18</u>**

*22.02.2017 ബുധനാഴ്ച കൂടിയ 477-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി(ബഡ്ജറ്റ്) യോഗ തീരുമാനങ്ങൾ.*

*22.02.2017*-ൽ കൂടിയ 477-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗ തീരുമാനങ്ങളുടെ തുടർനടപടികുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 3/2017-18</u>**

*22.02.2017 ബുധനാഴ്ച കൂടിയ 476-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

*22.02.2017*-ൽ കൂടിയ 478-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**<u>4. തീരുമാനം നമ്പർ 4/2017-18</u>**

*ജിസിഡിഎ - റവന്യൂ സിസി - ചേരി നിർമ്മാർജ്ജന പദ്ധതി തമ്മനം കിസ്സാൻ കോളനി - സ്ലം വീട് നം.19- നിരാക്ഷേപപത്രം നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം.സി11/റവന്യൂ സിസി/എൽഐജി/ഹൗസ് നം.19/ഇഡബ്ല്യൂഇ/ ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരിനിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം വീട് നം.19 പണയപ്പെടുത്തി ബാങ്കിൽ നിന്നും വായപ് എടുക്കുന്നതിന്

ശ്രീ.പി.ജി.ഫ്രാൻസിസിന് നിരാക്ഷേപ പത്രം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 5/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - പനമ്പിള്ളിനഗർ ബങ്ക് .2 വിന്റെ ബിസിനസ്സ് മാറ്റുന്നത്- സംബന്ധിച്ച്. (നം.5613/സി14/90/ബങ്ക്.2/പി.എൻ/ ജി.സി.ഡി.എ.)*

അതോറിറ്റി വക കടമുറികൾ/ബങ്കുകൾ/ഓഫീസ് സ്പേസുകൾ എന്നിവയിലെ അലോട്ടികൾക്ക് വാടക കരാറിൽ പറഞ്ഞിട്ടുള്ള ബിസിനസ്സ് അല്ലാതെ എല്ലാ മാറ്റങ്ങളും എക്സി.കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 6/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് - ശുചീകരണ പ്രവൃത്തിയുടെ നിരക്ക് അംഗീകരിച്ച് പ്രവൃത്തി ചെയ്യാൻ അനുവദിക്കുന്നത് - സംബന്ധിച്ച്. (നം. ഇ3/1144/2017/ ജി.സി.ഡി.എ.)*

മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ ശുചീകരണ പ്രവൃത്തിയ്ക്കായി ദർഘാസ് ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സൈഫുദ്ദീന്റെ (1 മാസത്തേക്ക് 59,800/- രൂപ അതായത് ഒരു വർഷത്തേക്ക് 7,17,600/- രൂപ) ടെണ്ടർ അംഗീകരിക്കുന്നതിനും ടി പ്രവൃത്തി ചെയ്യിക്കുന്നതിനും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 7/2017-18**

*ജിസിഡിഎ -റവന്യൂ വിഭാഗം - കെ.എസ്.ആർ.ടി.സിക്കു സമീപമുള്ള ബങ്ക് ബസ്സാറിലെ ബങ്ക് നം.2 ന്റെ വാടകക്കരാർ പുതുക്കുന്നത് - സംബന്ധിച്ച്.*
*(നം. സി16/13997/98/ ജി.സി.ഡി.എ.)*

ജിസിഡിഎ വക കെ.എസ്.ആർ.ടി.സിക്ക് സമീപമുള്ള ബങ്ക് ബസ്സാറിലെ സി.ഐ.ടി.യു ജനറൽ സെക്രട്ടറിയുടെ പേരിൽ അലോട്ടു ചെയ്തിരുന്ന ബങ്ക് നം.2 ടിയാൻ മരണപ്പെട്ടതിനാൽ പുതിയ ജനറൽ സെക്രട്ടറി ശ്രീ.കെ.എം.അഷറഫിന്റെ പേരിൽ കരാർ വയ്ക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 8/2017-18**

*ജിസിഡിഎ - ധനകാര്യ വിഭാഗം - ആദായനികുതി ഓഡിറ്റിംഗ് & റിട്ടേൺ ഫയലിംഗ് - മെ.എ.എ.മേനോൻ & അസോസിയേറ്റ്സ് നെ നിയമിച്ചത് - സംബന്ധിച്ച്.*
*(നം. 2929/എഫ്ബി1/2016/ ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ജിസിഡിഎയുടെ അക്കൗണ്ട്സ്, ഓഡിറ്റിംഗ് ഐറ്റിആർ ഫയലിംഗ്, വർക്ക് ഓർഡർ പ്രകാരമുള്ള മറ്റനുബന്ധ ജോലികൾ എന്നിവ

ചെയ്യുന്നതിനായി മെ.എ.എ.മേനോൻ & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ നിയോഗിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 9/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - 33 കെ.വി യു.ജി കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ2/4902/2016/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ.എസ് പരിസരത്ത് കൂടി 33 കെ.വി യു.ജി കേബിൾ സ്ഥാപിക്കുന്നതിന് 8,73,180/- രൂപ ഭൂമി നഷ്ടപരിഹാരമായി അതോറിറ്റിയിൽ അടച്ച് എക്സി.എഞ്ചിനീയർ, ട്രാൻസ്മിഷൻ ഡിവിഷൻ എറണാകുളത്തിന് അനുവാദം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 10/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - പൊതു സ്ഥലങ്ങളും ടോയ്‌ലറ്റും, കോമ്പൗണ്ടും വൃത്തിയാക്കുന്ന പ്രവൃത്തിയുടെ സർവ്വീസ് ടാക്സ് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് ടെണ്ടർ ക്ഷണിച്ച നടപടിയുടെ സാധൂകരണം സംബന്ധിച്ച്. (നം. ഇ2/1022/2017/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ.സ് ലെ പൊതു സ്ഥലങ്ങളും ടോയ്‌ലറ്റും കോമ്പൗണ്ടും വൃത്തിയാക്കുന്ന പ്രവൃത്തിയുടെ സർവ്വീസ് ടാക്സ് ഉൾപ്പെടെയുള്ള അടങ്കൽ തുക (27,84,600/- രൂപ ) അംഗീകരിക്കുന്നതിനും ടെണ്ടർ ക്ഷണിച്ച നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 11/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - bucket seat സ്ഥാപിക്കൽ നിരക്ക് അംഗീകരിക്കുന്നത് സംബന്ധിച്ച്. (നം. ഇ2/2558/2016/ജി.സി.ഡി.എ.*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ് ൽ ഫിഫ അണ്ടർ-17 നോടനുബന്ധിച്ചുള്ള നവീകരണ പ്രവൃത്തിയായ bucket seat സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച 3 ടെണ്ടറുകളും പരിഗണിക്കാൻ കഴിയാതെ വരുകയും കൊച്ചിക്ക് വേദി നഷ്ടമാകുന്ന സാഹചര്യം കണക്കിലെടുത്തും പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ചും സാമ്പത്തിക ഭദ്രത, ഗുണനിലവാരം എന്നിവ ഉറപ്പിച്ചും ഏറ്റവും താഴ്ന്ന നിരക്കിൽ ടി പ്രവൃത്തി ചെയ്യുന്നതിന് ശ്രീ.റ്റി.സി.കുര്യന് വർക്ക ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 12/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - 2017-18 വർഷത്തേയ്ക്കുള്ള ജിസിഡിഎ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടറുകൾ, മറ്റു കെട്ടിടങ്ങൾ എന്നിവിടങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രവർത്തിയുടെ അടങ്കൽ തുക അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ1/572/2017/ജി.സി.ഡി.എ.)*

ജിസിഡിഎ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടറുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങളിലെ 2017-18 വർഷത്തേക്കുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർവ്വീസ് ടാക്സ് ഉൾപ്പെടെയുള്ള അടങ്കൽ തുക (40,00,000/- രൂപ) അംഗീകരിക്കുന്നതിനും ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനും തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 13/2017-18**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - ജിസിഡിഎ ഓഫീസ് പൂന്തോട്ടത്തിലെ ചെടികൾ നനയ്ക്കുന്നതിന് വെള്ളം എത്തിക്കുന്നത് - കരാർ വയ്ക്കുന്നത് സംബന്ധിച്ച്. (നം. 1719/പിഎൽ1/2017/ജി.സി.ഡി.എ.)*

ജിസിഡിഎ ഓഫീസ് പൂന്തോട്ടത്തിലെ ചെടികൾ നനയ്ക്കുന്നതിന് വെള്ളം എത്തിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത മെ.ഹിഷാം ട്രാൻസ്പോർട്ടേഴ്സിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനും നെഗോസിയേഷൻ നടത്തിയ പ്രകാരം 1000 ലിറ്ററിന് 150/- രൂപ നിരക്കിൽ കരാർ വയ്ക്കുന്നതിനും തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 14/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - കുമാരി.ദീപിക ആർ ക്ലർക്കിന് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായത് നിർവ്വാഹക സമിതിയുടെ സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (നം. 2573/എസ്റ്റാ.2/2013/ജി.സി.ഡി.എ.)*

17.03.2017-ൽ ആശ്രിത നിയമന വ്യവസ്ഥയിൽ ക്ലർക്ക് തസ്തികയിൽ അതോറിറ്റിയിൽ ജോലിയിൽ പ്രവേശിച്ച കുമാരി ദീപിക.ആർ-ന് പഠനാവശ്യത്തിനായി 18.03.2017 മുതൽ 17.06.2017 വരെ (92 ദിവസങ്ങൾ) കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 ബി പ്രകാരം നിബന്ധനകളോടു കൂടി ശൂന്യ വേതനാവധി അനുവദിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 15/2017-18**

*ജിസിഡിഎ - എൻജിനീയറിംഗ് വിഭാഗം - മട്ടാഞ്ചേരി ബി.ഒ.ടി പാലത്തിന്റെ പരിപാലനം - കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ2/3571/2014/ജി.സി.ഡി.എ.)*

തോപ്പുംപടി ബി.ഒ.ടി പാലത്തിന്റെ അറ്റകുറ്റപണികൾ നടത്തികൊണ്ടും നിബന്ധനകൾ അംഗീകരിച്ചും പാലത്തിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള കരാർ മെ.എസ്.എം.എസ് ഏജൻസീസിന് 01.04.17 മുതൽ 31.03.2018 വരെ ദീർഘിപ്പിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 16/2017-18**

*ജിസിഡിഎ - എൻജിനീയറിംഗ് വിഭാഗം -കലൂർ കടവന്ത്ര റോഡ് പുനരുദ്ധാരണ പ്രവർത്തിയുടെ TOC 30.01.2017 വരെ ഒരു ലക്ഷം രൂപയോടുകൂടി ദീർഘിപ്പിച്ച നടപടിയിലെ പിഴ ഒഴിവാക്കിയതും TOC 15.05.2017 വരെ ദീർഘിപ്പിക്കുവാനുള്ള തീരുമാനവും സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ1/796/2016/ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 17/2017-18**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - കലൂർ - കടവന്ത്ര റോഡിനു വേണ്ടി ഏറ്റെടുത്ത സ്ഥലത്തിനു പകരം സ്ഥലം നൽകണമെന്ന ശ്രീ.കിം പടമാടൻ, ശ്രീ.പി.ടി.സിറിൾ എന്നിവരുടെ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്. (നം. 8063/പി.എൽ2/2011/ജി.സി.ഡി.എ.)*

കലൂർ - കടവന്ത്ര റോഡ് നിർമ്മാണത്തിനായി ജിസിഡിഎ ഉപയോഗപ്പെടുത്തിയ എളംകുളം വില്ലേജിൽ സർവ്വെ നമ്പർ 193/1 ൽപ്പെട്ട ശ്രീ.പി.ടി.സിറിൾ വക 0.77 ആർ സ്ഥലത്തിന് പകരമായി എളംകുളം വില്ലേജ് സർവ്വെ നമ്പർ 313/1 ൽപ്പെട്ട കതൃക്കടവ് പാലത്തിന് കിഴക്ക് ഭാഗത്ത് തുല്യ വിസ്തീർണ്ണമുള്ള സ്ഥലവും ശ്രീ.കീംപടമാൻ വക സർവ്വെ നമ്പർ 188/1ൽപ്പെട്ട 4 സെന്റിന് പകരമായി തൊട്ടുവടക്ക് ഭാഗത്ത് അതേ സർവ്വെ നമ്പറിൽപ്പെട്ട 2.5 സെന്റ് സ്ഥലവും യഥാക്രമം രണ്ടു പേർക്കുമായി അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 18/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനു 07.04.2017 ൽ നടന്ന ടെണ്ടർ/പുനർ ലേലം നടപടി ക്രമങ്ങളുടെ ഭാഗമായി അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി സാധൂകരണം – സംബന്ധിച്ച്. (നം. 2120/എസ്റ്റേറ്റ്/ബി3/2017/ജി.സി.ഡി.എ*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 7.4.17 ൽ നടന്ന ടെണ്ടർ/പുനർലേലത്തിൽ 20.04.17 മുതൽ 19.4.18 വരെ ഒരു വർഷക്കാലത്തേക്ക് പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുവാദം നൽകിയ നടപടി ക്രമങ്ങൾ സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1. ശ്രീ.ബിനോജ് കെ.എസ് - ജെ.എൻ.ഐ.എസ് പരിസരം - 8,11,111/- രൂപ.
2. ഹിറ ഫെസിലിറ്റി - കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിനു കിഴക്കുവശം - 4,80,000/- രൂപ.
3. ഫെഡറൽ ബാങ്ക് - ഫെഡറൽ ടവറിനു മുൻവശം - 12,01,000/- രൂപ.

**19. തീരുമാനം നമ്പർ 19/2017-18**

*ജിസിഡിഎ -എഞ്ചിനീയറിംഗ് വിഭാഗം- JNI-Stadium Firefighting പ്രവൃത്തി വർക്ക് ഓർഡർ നൽകുന്നത്-സംബന്ധിച്ച്. (നം. ഇ2/2800/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ജെ.എൻ.ഐ സ്റ്റേഡിയത്തിലെ ഫിഫ അണ്ടർ 17 നോടനുബന്ധിച്ചുള്ള നവീകരണ പ്രവൃത്തിയായ ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത M/s Allies Fire System നോട് rate കുറച്ച് revised BOQ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും FIFA Venue നഷ്ടപ്പെടാതിരിക്കുന്നതിന് M/s KITCO സമർപ്പിച്ച പുതിയ items, terms and conditions ഉൾപ്പെടുത്തിയ revised BOQ പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്കായ 4,97,00,000/- രൂപ അംഗീകരിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 20/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിലേക്ക് 16.03.2017 ൽ നടത്തിയ ടെണ്ടർ/ലേലം നടപടി ക്രമങ്ങളുടെ ഭാഗമായി അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി സാധൂകരണം - സംബന്ധിച്ച്.*
*(നം. 1469/എസ്റ്റേറ്റ്/ബി3/2017/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിലേക്ക് 16.03.2017-ൽ നടത്തിയ ടെണ്ടർ/ലേലം നടപടികൾ പ്രകാരം താഴെ പറയുന്നവർക്ക് അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1. ശ്രീ.ബിനോയ് ജോൺ - ചേരൻ ടവറിന് മുൻവശം - 3,00,000/- രൂപ
2. ശ്രീ.അമിത് കുമാർ - ബേ പ്രൈഡ് മാളിനു മുൻവശം - 2,37,000/- രൂപ
3. ശ്രീ.ശ്രീജിത്ത്.യു.എസ് - പീവീസ് ട്രൈറ്റണിനു മുൻവശം - 4,13,007/= രൂപ
4. ശ്രീ.ശ്രീജിത്ത്.യു.എസ് - കെ.ഡി.ഗോപാലകൃഷ്ണന് അനുവദിച്ചിരിക്കുന്ന സ്ഥലത്തിന് മുൻവശം - 7,07,777/- രൂപ

**21. തീരുമാനം നമ്പർ 21/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - സി.എം.ഡി.എസ്.ഒ.എസ്-63 വാടകയ്ക്ക് അനുവദിച്ചു നൽകിയത് - സംബന്ധിച്ച്. (നം. 2987/എസ്റ്റേറ്റ്/ബി2/2016/ജി.സി.ഡി.എ.)*

അതോറിറ്റി വക മറൈൻഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ഒ.എസ് 63 മുറി 24.03.2017 മുതൽ 3 വർഷത്തേക്ക് ശ്രീ.കെ.ദീപക് ന് ച.അടിക്ക് 13/- രൂപ നിരക്കിൽ വാടകയ്ക്ക് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ടയ്ക്ക് പുറത്തുള്ള ഇനം**

1. തീരുമാനം നമ്പർ 22/2017-18

*ജിസിഡിഎ - ഭരണ വിഭാഗം -സീനിയർ ടൗൺ പ്ലാനറുടെ നിരുത്തര വാദപരവും, അച്ചടക്കരാഹിത്യവുമായ പ്രവർത്തനങ്ങൾ നിർവ്വാഹക സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (നം. 3007/ജി3/2017/ജി.സി.ഡി.എ.)*

1. 2016 ഡിസംബർ 26 ന് പുതിയ ജിസിഡിഎ നിർവ്വാഹകസമിതി ചുമതലയേറ്റതിനു ശേഷം ജിസിഡിഎയുടെ പ്രവർത്തന ശൈലിയിൽ സമഗ്രവും കാലോചിതവും ആയ മാറ്റത്തിന് വേണ്ടിയുള്ള പുതിയ പദ്ധതികളും, പ്രവർത്തന രീതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിനാവശ്യമായ അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് ആസൂത്രണ വിഭാഗത്തിൽ നിന്നുമാണ്. എന്നാൽ ആസൂത്രണ വിഭാഗത്തിന്റെ മേധാവിയായ സീനിയർ ടൗൺ പ്ലാനർ ശ്രീമതി.മെയ് മാത്യുവിന്റെ ഭാഗത്തു നിന്നും ഉത്തരവാദപരവും, ജാഗ്രതയോടെയുള്ള പ്രവർത്തനരീതി ഇതേ വരെ ഉണ്ടായിട്ടില്ല.
2. കസ്തൂർബനഗറിൽ ബഹു.ഹൈബി ഈഡൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപയുടെ ഒരു പദ്ധതി നിർദ്ദേശം (ഓപ്പൺ എയർ സ്റ്റേജ്, പാർക്ക്, വാക്ക്വേ മുതലായവ) 2016-17-ലെ വർഷത്തിൽ ഉൾപ്പെടുത്തി അനുവദിച്ചതിന്റെ പ്രൊപ്പോസൽ 31.03.2017-നു മുൻപ് സർക്കാരിലേയ്ക്ക് അയച്ച് അനുമതി തേടുന്നതിൽ ആസൂത്രണ വിഭാഗത്തിന്റെ കുറ്റകരമായ അലംഭാവം മൂലം കഴിഞ്ഞില്ല. ബഹു.ചെയർമാൻ ചുമതലയേറ്റ് ഒരാഴ്ചയ്ക്കകം ഈ അംഗീകാരം നേടാനാവശ്യമായത് ചെയ്യണമെന്ന് ഡോ.മെയ്മാത്യുവിനോട് ആവശ്യപ്പെട്ടതാണ്. മൂന്നു മാസം തുടർച്ചയായി സീനിയർ ടൗൺ പ്ലാനറോട് ഓർമ്മിപ്പിച്ചിട്ടും നിഷേധാത്മകമായ പെരുമാറ്റമാണ് ഉണ്ടായത്. തുടർന്ന് ഒരു കോടി രൂപ ലാപ്സാവുകയും ബഹു.എം.എൽ.എ പത്ര സമ്മേളനത്തിൽ ജിസിഡിഎയുടെ പ്രവർത്തന ശൈലികളെക്കുറിച്ച് മോശമായ പരാമർശം നടത്തുകയും ചെയ്യുകയുണ്ടായിട്ടുണ്ട്.
3. ആസൂത്രണ വിഭാഗത്തിലെ മുഴുവൻ ജീവനക്കാരും സീനിയർ ടൗൺ പ്ലാനറുടെ പ്രവർത്തന ശൈലിയെക്കുറിച്ചും ബഹു.ചെയർമാന് രേഖാമൂലം പരാതി നൽകിയിട്ടുള്ളതാണ്. ടി ജീവനക്കാർ മാനേജ്മെന്റ് ആവശ്യപ്പെടുന്ന ജോലി ചെയ്യാൻ തയ്യാറാണെന്നും എന്നാൽ ശരിയായ മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പുമേധാവി നൽകുന്നില്ലെന്നും ഫയലുകളിൽ നിർബന്ധിച്ച് കുറിപ്പെഴുതിക്കുകയാണെന്നും ടി പരാതിയിൽ പറയുന്നുണ്ട്. ടി പരാതിയിൽ ടിയാരിയുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.
4. വകുപ്പുമേധാവികൾ (എസ്.ഇ, എസ്.റ്റി.പി, ഇ.ഒ, എ.ഒ) അവധിയെടുക്കുന്നതിന് മുൻപ് സെക്രട്ടറിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ ടിയാരി അവധിയെടുക്കുന്നതിന് മുൻപ് സെക്രട്ടറിയെ മുൻകൂട്ടി

അറിയിക്കുകയോ, അനുമതി തേടുകയോ ചെയ്യാറില്ല. ഇതുമൂലം ആസൂത്രണ വിഭാഗത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സെക്രട്ടറിക്കു കഴിയാറില്ല. സെക്രട്ടറിയുടെ ഔദ്യോഗിക വാഹനം അനുമതിയുണ്ടെന്ന് ഡ്രൈവറെ തെറ്റിദ്ധരിപ്പിച്ച് ടൗൺ പ്ലാനറെ സൈറ്റിൽ പോകാൻ നിർദ്ദേശം നൽകിയതിന് എതിരെ സീനിയർ ടൗൺ പ്ലാനറോട് വിശദീകരണം ആരാഞ്ഞിട്ടുള്ളതാണ്. ആയതിന് വിശദീകരണം/മറുപടി നൽകുന്നതിന് പകരം ആർ.റ്റി.ഐ പ്രകാരം 15 ലേറെ പരസ്പര ബന്ധമില്ലാത്ത ചോദ്യങ്ങൾ/രേഖകൾ ചോദിച്ചുകൊണ്ട് അപേക്ഷ നൽകുക വഴി വിശദീകരണം താമസിപ്പിക്കുവാനുള്ള ഗൂഢനീക്കമാണെന്നും കരുതാവുന്നതാണ്.

5. 22.02.2017-ൽ 2017-18 ലെ ബഡ്ജറ്റ് ജനറൽ കൗൺസിൽ പാസ്സാക്കിയതാണ്. അതിൽ പതിനഞ്ചോളം പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കേണ്ടതിന് ആസൂത്രണ വിഭാഗമാണ് മുൻകൈ എടുക്കേണ്ടത്. എന്നാൽ എസ്.റ്റി.പിയുടെ ഭാഗത്തു നിന്നും യാതൊരു വിധ നടപടികളും ഇതുവരെ ഉണ്ടായിട്ടില്ല. കീഴ് ജീവനക്കാരോടുള്ള മോശമായ പെരുമാറ്റം സംബന്ധിച്ച് രേഖാമൂലമുള്ള പരാതികൾ ഉൾപ്പെടെ ജീവനക്കാർ ഉന്നയിച്ചിട്ടുണ്ട്. വിഷയം ഉചിതമായ തീരുമാനത്തിനായി നിർവ്വാഹക സമിതി മുമ്പാകെ സമർപ്പിക്കുന്നു.

യോഗം 11.30 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി

1) **24.04.2017 തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് ബഹു.ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 480-ാമത് എക്സി.കമ്മിറ്റി യോഗനടപടികൾ (അജണ്ടയ്ക്ക് പുറത്തുള്ള ഇനം).**

1. **തീരുമാനം നമ്പർ 22/2017-18**

*ജിസിഡിഎ - ഭരണ വിഭാഗം -സീനിയർ ടൗൺ പ്ലാനറുടെ നിരുത്തര വാദപരവും, അച്ചടക്കരാഹിത്യവുമായ പ്രവർത്തനങ്ങൾ നിർവ്വാഹക സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (നം. 3007/ജി3/2017/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പ് വായിച്ചു. 2016-17 സാമ്പത്തിക വർഷത്തിൽ ബഹു.എറണാകുളം എം.എൽ.എ ഹൈബി ഈഡന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ കസ്തൂർബാ നഗറിന്റെ സൗന്ദര്യ വത്ക്കരണമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നുവെങ്കിലും ആസൂത്രണ വിഭാഗത്തിന്റെ മേധാവി യായ സീനിയർ ടൗൺ പ്ലാനർ ശ്രീമതി.മെയ്മാത്യൂവിന്റെ സമയോചിതമായ ഇടപെടലുകളുടെ അഭാവത്തിലും ജാഗ്രത കുറവും കാരണം സമയപരിധിക്കുള്ളിൽ പ്രോജക്ട് സർക്കാരിന് സമർപ്പിക്കാതിരുന്നതിനാൽ ടി പദ്ധതി പാഴാകുകയും ഒരു കോടി രൂപ നഷ്ടപ്പെടുകയുമുണ്ടായി. ആയത് ജിസിഡിഎയ്ക്കും ജനങ്ങളുടെ വികസന സ്വപ്നങ്ങൾക്കും വിഘാതമാവുകയും കൂടാതെ ജനപ്രതിനിധികൾക്ക് ദീർഘകാലമായി അതോറിറ്റിയോടുള്ള വിശ്വാസം നഷ്ടപ്പെടുന്നതിനും ഇടയാക്കി മാത്രമല്ല ഇത്തരം ജനോപകാരപ്രദമായ പദ്ധതികൾക്ക് ജിസിഡിഎ എതിരാണെന്നും പൊതുജനങ്ങളോട് അതോറിറ്റിക്ക് യാതൊരുവിധ പ്രതിബദ്ധതയും ഇല്ലായെന്നുള്ള മോശമായ സന്ദേശം ഉളവാക്കുന്നതിനും കാരണമായതായി കമ്മിറ്റി വിലയിരുത്തി. ആസൂത്രണ വിഭാഗത്തിന്റെ ചുമതല വഹിച്ചു വരുന്ന സീനിയർ ടൗൺ പ്ലാനർ ശ്രീമതി. മെയ് മാത്യുവിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായി ഇതിനെ കാണുന്നു. ഇത്തരം വീഴ്ചകൾ വരാതിരിക്കാൻ ബഹു.ചെയർമാനും സെക്രട്ടറിയും സമയാസമയങ്ങളിൽ ടിയാരിക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും അതൊന്നും ചെവിക്കൊള്ളാൻ തയ്യാറാകാതെ ടിയാരി നിഷേധാത്മകമായ സമീപനം തുടർന്നു വരികയാണ്.

2017-18-ലെ ബജറ്റിൽ പാസ്സാക്കിയ 15 ഓളം വികസന പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ബഹു.ചെയർമാൻ വകുപ്പു മേധാവികളുടെ യോഗത്തിൽ നിർദ്ദേശം നൽകിയെങ്കിലും ആസൂത്രണ വിഭാഗം ഇതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. സീനിയർ ടൗൺ പ്ലാനറുടെ പ്രവർത്തന ശൈലിയെപ്പറ്റി ആസൂത്രണ വിഭാഗത്തിൽ ആകെയുള്ള 15 പേരിൽ 13 പേരും ഒപ്പിട്ട സങ്കട ഹർജി ബഹു.ചെയർമാന് സമർപ്പിച്ചിട്ടുള്ളത് തന്നെ ടി ജീവനക്കാരെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിൽ തികഞ്ഞ പരാജയമാണെന്നതിന്റെ തെളിവാണ്.

മേൽ പറഞ്ഞ കാരണങ്ങളാൽ സീനിയർ ടൗൺ പ്ലാനർ എന്ന നിലയിൽ ശ്രീമതി.മെയ് മാത്യുവിന്റെ നേതൃത്വത്തിൽ ജിസിഡിഎയ്ക്ക് മുന്നോട്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ സീനിയർ ടൗൺ പ്ലാനറായ ശ്രീമതി.മെയ് മാത്യുവിനോട് നിർബന്ധിത അവധിയിൽ പ്രവേശിക്കുന്നതിന് ആവശ്യപ്പെടാൻ എക്സി.കമ്മിറ്റി തീരുമാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി